(സി) കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്കുള്ള പലിശ സബ്സിഡി കാലവിളംബം കൂടാതെ സഹകരണസംഘങ്ങൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. നിർമ്മാണ മേഖലയിൽ നൽകുന്ന വായ്പയ്ക്ക് പലിശ സബ്സിഡി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ സഹകരണ ബാങ്കുകൾ**

256 (3231) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഓണക്കാലത്ത് വിവിധ സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനുള്ള ഒരു ഏജൻസിയായി സഹകരണ ബാങ്കുകളെ ഏർപ്പെടുത്തിയിരുന്നതിൽ ഏതെങ്കിലും സഹകരണ ബാങ്ക് പെൻഷൻ വിതരണത്തിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത് വീഴ്ചയാണ് വരുത്തിയത്; അതിൽ എന്ത് നടപടി സ്വീകരിച്ചു;

(സി) വീഴ്ച വരുത്തിയ ബാങ്കുകളെ ഒഴിവാക്കി പകരം എന്തെങ്കിലും സംവിധാനം ആലോചിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ-സി) സാമൂഹ്യക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള സഹകരണ ബാങ്കുകൾ പെൻഷൻ വിതരണത്തിൽ വീഴ്ച വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സഹകരണ മേഖലയിലെ ആശുപത്രികളുടെ നവീകരണം**

257 (3232) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സഹകരണ മേഖലയിൽ എത്ര ആശുപത്രികൾ പ്രവർത്തിയ്ക്കുന്നുണ്ട്;

(ബി) ഡയറക്ടർ ബോർഡിന്റെ അഴിമതി കൊണ്ടും കെടുകാര്യസ്ഥത കൊണ്ടും പ്രവർത്തനം താറുമാറായ എത്ര ആശുപത്രികളുണ്ട്; അവയുടെ പേരുവിവരം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളെ പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly